**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4990** **04-07-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ ഇരുവശങ്ങളിലും ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ പാതകളുടെയും സംസ്ഥാന, ഗ്രാമീണ റോഡുകളുടെയും ഇരുവശങ്ങളിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കെ.എസ്.ടി.പി.യുടെ പ്രവർത്തികളുടെ ഭാഗമായി മുറിച്ചുമാറ്റിയ മരങ്ങൾക്ക് പകരമായി റോഡിലെ സ്ഥല ലഭ്യതക്ക് അനുസരിച്ച് പുതിയവ വച്ചു പിടിപ്പിക്കുകയും 5 വർഷം കരാറുകാർ തന്നെ പരിപാലിക്കുകയും ചെയ്യും.വനം വന്യജീവി വകുപ്പിന്റെ നാട്ടുമാവും തണലും പദ്ധതി പ്രകാരം സംസ്ഥാനത്തെ ദേശീയ സംസ്ഥാന പാതകളുടെ ഇരുവശങ്ങളിലും ലഭ്യമായ സ്ഥലങ്ങളിൽ നാട്ടുമാവിൻ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ പാതയോരങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്ന വനം വന്യജീവി വകുപ്പിന്റെ പദ്ധതി പ്രകാരം പാതയോരങ്ങളിൽ ഫല വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചുവരുന്നുണ്ട്. |
| (ബി) | വിവിധ വകുപ്പുകളുമായി ചേർന്ന് സന്നദ്ധ/സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സംസ്ഥാനത്തെ മുഴുവൻ റോഡുകളുടെയും ഇരുവശങ്ങളിലും ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനും അവ നിശ്ചിത കാലയളവുവരെ പരിപാലിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കെ.എസ്.ടി.പി.യുടെ പ്രവർത്തികളുടെ ഭാഗമായി മുറിച്ചുമാറ്റിയ മരങ്ങൾക്ക് പകരമായി റോഡിലെ സ്ഥല ലഭ്യതക്ക് അനുസരിച്ച് പുതിയവ വച്ചു പിടിപ്പിക്കുകയും 5 വർഷം കരാറുകാർ തന്നെ പരിപാലിക്കുകയും ചെയ്യും.വനം വന്യജീവി വകുപ്പിന്റെ നാട്ടുമാവും തണലും പദ്ധതി പ്രകാരം സംസ്ഥാനത്തെ ദേശീയ സംസ്ഥാന പാതകളുടെ ഇരുവശങ്ങളിലും ലഭ്യമായ സ്ഥലങ്ങളിൽ നാട്ടുമാവിൻ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ പാതയോരങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്ന വനം വന്യജീവി വകുപ്പിന്റെ പദ്ധതി പ്രകാരം പാതയോരങ്ങളിൽ ഫല വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചുവരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തുകൂടി കടന്നുപോകുന്ന എല്ലാ പ്രധാന റോഡുകളും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനുമായി നിശ്ചിത കാലയളവിലേയ്ക്ക് ഒരു പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുമോ? | (സി) | പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ